ഉത്തരം

(എ & ബി) പല വിദേശ കേരളീയ സംഘടനകളുടെയും ഭാരവാഹികൾ മുഖ്യമന്ത്രിയെ സന്ദർശിച്ച് നിവേദനം നൽകുകയും ഇത് സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതും വിദേശ മലയാളികളെ സംബന്ധിക്കുന്നതുമായ എന്തെങ്കിലും പ്രശ്നത്തിൽ താമസമോ ബുദ്ധിമുട്ടോ ഉണ്ടാകുന്നു എന്നു കണ്ടാൽ അക്കാര്യങ്ങൾ തീർച്ചയായും ചർച്ച ചെയ്യാവുന്നതാണ്.

പ്രവാസി മലയാളികൾക്കായി ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട്

121 (3311) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പ്രവാസി മലയാളികൾക്കായി 'ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട്' എന്നൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

ഉണ്ട്, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനപദ്ധതികളുടെ നടത്തിപ്പിനു പൊതു മുതൽ വിനിയോഗിക്കാനുള്ള സാദ്ധ്യത പരിമിതമാണ് എന്ന വസ്തുതയും പ്രവാസി കേളീയരുടെ നിക്ഷേപം അവർക്കുകൂടി ലാഭകരമായ രീതിയിൽ ഈ പദ്ധതികൾക്കായി വിനിയോഗിക്കാം എന്ന കാര്യവും കണക്കിലെടുത്താണ് ഒരു പ്രാവസി കേരളീയ ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ടിന് രൂപം നൽകിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പദ്ധതിയുടെ പ്രാഥമിക വികസനം എന്നീ ചെലവുകൾക്കാണ് ഒരു റിവോൾവിംഗ് ഫണ്ടിന്റെ മാതൃകയിൽ പ്രവർത്തിക്കുന്ന ഈ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുവാനുദ്ദേശിക്കുന്നത്. സ്വകാര്യ പങ്കാളിത്തം ലാക്കാക്കിയുള്ള പദ്ധതികൾക്ക് ഫണ്ടിൽ നിന്നും ചെലവിടുന്ന തുക പദ്ധതികൾ പ്രവർത്തിച്ചു തുടങ്ങുന്ന മുറയ്ക്ക് ചെറിയ പലിശ ഈടാക്കി ഗഡുക്കളായി തിരിച്ചു പിടിക്കാനും നിർദ്ദേശം ഉണ്ട്.

മയക്കുമരുന്നു കള്ളക്കടത്തുമായി ബന്ധപ്പെട്ടു ജയിൽ ശിക്ഷ അനുഭവിക്കുന്നവർ

122 (3312) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മയക്കുമരുന്ന് കള്ളക്കടത്ത് കേസിൽപ്പെട്ട കേരളത്തിലെ ജയിലുകളിൽ എത്ര പേർ ശിക്ഷ അനുഭവിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ വിചാരണ തടവുകാരെത്രയാണ് ; സ്ത്രീകൾ/പുരുഷന്മാർ എന്നിവർ എത്ര വീതം ;

(സി) ഇവരിൽ എത്ര വിദേശികളുണ്ട് ; അവർ ഏതെല്ലാം രാജ്യക്കാരാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാലുപേർ (4)

(ബി) വിചാരണ തടവുകാർ ആരും ഇല്ല.

2 സ്ത്രീകൾ
2 പുരുഷന്മാർ

(സി) വിദേശികൾ ആരും ഇല്ല.

ജയിലർമാരുടെ ഒഴിവുകൾ

123 (3313) ശ്രീ. എം. മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽ വകുപ്പിൽ ജയിലർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സെൻട്രൽ ജയിലുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയായ ജയിലർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്താണ് കാല. താമസമെന്ന് വ്യക്തമാക്കുമോ ;

(സി) യോഗ്യരായവർ ഉണ്ടായിട്ടും ഡി.പി.സി. ചേർന്ന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസം എന്തെന്ന് അന്വേഷിച്ച് നട പടിയെടുക്കുമോ ?

ഉത്തരം

(എ) 2000 ഫെബ്രുവരിയിൽ പുതുതായി സൃഷ്ടിച്ച രണ്ടു തസ്തികൾ ഉൾപ്പെടെ നാല് ഒഴിവുകൾ നിലവിലുണ്ട്.

(ബി & സി) ഡി.പി.സി. കൂടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

ജയിൽ ഹെഡ്ക്വാർട്ടേഴ്സിലെ സ്റ്റോക്ക് വെരിഫയറുടെ തസ്തിക

124 (3314) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽ ഹെഡ്ക്വാർട്ടേഴ്സിലെ സ്റ്റോക്ക് വെരിഫയറുടെ തസ്തിക അപഗ്രേഡ് ചെയ്യുവാൻ അക്കൗണ്ടന്റ് ജനറൽ പരിശോധനാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly